LIBRARY ARCHIVES Kerala Legislative Assembly

## ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതി

55 (3339) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ശിപാർശ കേന്ദ്ര സർക്കാരിന് നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിച്ചിരുന്നില്ല. ഈ ആവശ്യം പരിഗണിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരിൽ സംസ്ഥാനം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ അനുമതി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ തെക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമവികസനവകുപ്പ് മന്ത്രിമാരുടെ യോഗം 6-1-2015-ൽ തിരുവനന്തപുരത്ത് കൂടുമ്പോൾ പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

## കൊരട്ടി പഞ്ചായത്തിൽ വാദ്യകലാകേന്ദ്രം

56 (3340) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവാദ്യ കുലപതി, പത്മഭ്രഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ അദ്ദേഹത്തിന്റെ സ്മാരകമായി കൊരട്ടി പഞ്ചായത്തിൽ ഒരു വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) കൊരട്ടി പഞ്ചായത്തിൽ, കുഴൂർ നാരായണ മരാർ ഫൗണ്ടേഷൻ വാദ്യകലാകേന്ദ്രത്തിനായി സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വാദ്യ കലാകേന്ദ്രം സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) വാദ്യകലയ്ക്ക് നിലവിൽ ഉള്ള പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് പുറമേ കുഴൂർ നാരായണമാരാരുടെ പേരിൽ കലാമണ്ഡലം ഒരു പുരസ്കാരം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പത്മഭൂഷൺ കുഴൂർ നാരായണ മാരാർക്ക് സ്മാരകം പണികഴിപ്പിക്കുന്നതിന് കുഴൂർ നാരായണ മാരാർ ഫൗണ്ടേഷൻ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാൻ കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിശ്വമലയാള മഹോത്സവം**

57 (3341) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിശ്വ മലയാള മഹോത്സവം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മലയാള ഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശ്വമലയാള മഹോത്സവം 2012 ഒക്ടോബർ 30, 31, നവംബർ 1 തീയതികളിലായി തിരുവനന്തപുരത്തുവച്ച് നടന്നു. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും നാം നമ്മുടെ ഭാഷ,

LIBRARY ARCHIVES Kerala Legislative Assembly